പ്രഖ്യാപിക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. എൻഡോസൾഫാൻ ബാധിതർക്ക് സൗജന്യമായി പ്രത്യേക ചികിത്സ നൽകുന്നതിലേയ്ക്കായി പതിനൊന്ന് ആശുപത്രികളെ എംപാനൽ ചെയ്തിട്ടുണ്ട്. ഈ ആശുപത്രികളിൽ സ്മാർട്ട് കാർഡ് ഉപയോഗിച്ച് ദുരിതബാധിതർക്ക് സൗജന്യമായി ചികിത്സ ലഭിക്കുന്നതാണ്. ദുരിതബാധിതർക്ക് സൗജന്യ റേഷൻ നൽകിവരുന്നുണ്ട്. ആരോഗ്യ വകുപ്പും സാമൂഹ്യക്ഷേമ വകുപ്പും കാർഷിക വകുപ്പും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ വളരെയധികം ശ്ലാഘനീയമായ പ്രവർത്തനമാണ് അവിടെ നൽകുന്നത്. എൻഡോസൾഫാൻ ഇനി ഉപയോഗിക്കാൻ പാടില്ലെന്നുതന്നെ തീരുമാനിച്ചിട്ടുണ്ട്.

# VII. റൂളിംഗ്

## അംഗങ്ങൾക്കുള്ള കവറിൽ ചോദ്യങ്ങൾ ഇല്ലാതിരുന്നത് സംബന്ധിച്ച്

മി. സ്പീക്കർ : ചോദ്യോത്തര സമയത്ത് ഇന്നത്തെ ചോദ്യങ്ങൾ കവറിലില്ലായിരുന്നുവെന്ന് ചില അംഗങ്ങൾ ഇവിടെ പരാമർശിച്ചു. നിയമസഭാ ചട്ടങ്ങളും നടപടിക്രമവും പരിഷ്ക്കരിക്കുന്നത് സംബന്ധിച്ച സമിതി 17-9-2009 -ൽ സമർപ്പിച്ച റിപ്പോർട്ടിൽ ചോദ്യോത്തരവേള കൂടുതൽ കാര്യക്ഷമമാക്കുന്നതിനും സഭയിൽ വാങ്മൂലം ഉത്തരം നൽകുന്ന ചോദ്യങ്ങൾ കൂടുതൽ എണ്ണം വരുന്നതിന് സഹായകരമാക്കുന്നതിനും ചില ശുപാർശകൾ നൽകിയിട്ടുണ്ട്. അതിൽ ഏറ്റവും പ്രധാനമായിട്ടുള്ളത് പ്രിന്റ് ചെയ്ത ചോദ്യങ്ങളുടെ കോപ്പികൾ അംഗങ്ങൾക്ക് തലേന്നുതന്നെ നൽകുന്നതിന് പകരം നേരത്തെ ലഭ്യമാക്കുക എന്നതാണ്. പ്രിന്റ് ചെയ്ത ചോദ്യങ്ങൾ മൂന്ന് ദിവസം മുമ്പ് അംഗങ്ങൾക്ക് വിതരണം ചെയ്യാവുന്നതാണ്. നക്ഷത്ര ചിഹ്നമിട്ട ചോദ്യങ്ങളുടെ കോപ്പി ചോദ്യം സഭയിൽ വരുന്ന ദിവസം സഭയ്ക്കകത്തുകൂടി അംഗങ്ങൾക്ക് വിതരണം ചെയ്യാവുന്നതാണ്. അതാണ് നിങ്ങളുടെ മേശപ്പുറത്തുണ്ടായിരുന്നത്. 25-6-2011-ന് പ്രത്യേകം കവറായി 29-ാം തീയതിയിലെ ചോദ്യങ്ങൾ നൽകിയിട്ടുണ്ട്. അംഗങ്ങൾക്ക് ചോദ്യം തലേദിവസം ലഭിക്കുന്നില്ല എന്ന പരാതിയുടെ അടിസ്ഥാനത്തിൽ തലേദിവസത്തെ കവറിൽകൂടി ചോദ്യങ്ങളുടെ കോപ്പി നൽകാൻ പ്രത്യേകം നിർദ്ദേശം നൽകുന്നതാണ്.

ശ്രീ. രാജു എബ്രഹാം : സർ, 25-ലെ കവറിനകത്ത് ഈ രണ്ട് ചോദ്യവുമില്ല.

മി. സ്പീക്കർ : അതുകൊണ്ടുതന്നെയാണ് ഞാൻ നേരത്തെ പറഞ്ഞത്. അങ്ങനെ വന്നുവെങ്കിൽ ചെയർ ഇവിടെ നിങ്ങളോട് ഖേദം പ്രകടിപ്പിക്കുകയും ചെയ്തു. ഒന്ന് പരിശോധിക്കണം. കാസർഗോഡ് പ്രശ്നം തീർന്നല്ലോ ബഹുമാനപ്പെട്ട അംഗം.

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : ഈ സഭയെ തെറ്റിദ്ധരിപ്പിക്കുന്ന ഒരു പ്രസ്താവനയാണ് ......................... (തടസ്സം) ............................

മി. സ്പീക്കർ : ബഹുമാനപ്പെട്ട അംഗം, അംഗങ്ങൾ ഇവിടെ പലരും സംസാരിക്കാനുണ്ട്. അങ്ങനെയെടുത്താൽ നമുക്ക് പിന്നെ ഒരു അന്തവുമില്ല.



LIBRARY ARCHIVES Kerala Legislative Assembly